വെള്ളത്തിൽ അലിഞ്ഞുചേർന്നിരിക്കുന്ന എല്ലാ അഴുക്കുകളും മാറ്റിയെടുക്കപ്പെടും. ഈ വെള്ളത്തിലെ അണുക്കളുടെ നിലവാരം പരിശോധിച്ചശേഷം അണുവിമുക്തമാക്കുന്നതിനായി ആവശ്യമായ അളവിൽ ക്ലോറിൻ വാതകമോ ബ്ലീച്ചിംഗ് പൗഡർ ലായനിയോ കലർത്തുന്നു. വീണ്ടും ജലത്തിലെ അണുക്കളുടെ നിലവാരം പരിശോധിച്ച് അണുക്കൾ ഒന്നും തന്നെയില്ല എന്ന് ഉറപ്പുവരുത്തിയശേഷം വിതരണത്തിനായി തയ്യാറാക്കുന്നു.

(ബി) എല്ലാ ജലശുദ്ധീകരണശാലയിലും ശുദ്ധീകരിക്കേണ്ട ജലത്തിന്റെയും ശുദ്ധീകരിച്ച് വിതരണത്തിനു തയ്യാറാക്കുന്ന ജലത്തിന്റെയും ഗുണനിലവാരം പരിശോധിക്കുവാൻ എല്ലാ ജില്ലകളിലും ലബോറട്ടറികളും ആവശ്യത്തിനുള്ള ജീവനക്കാരുമുണ്ട്. സംസ്ഥാനത്തുടനീളം ഇത്തരം ലബോറട്ടറികളുടെ മേൽനോട്ടം വഹിക്കുവാനും വിവിധ ശുദ്ധജലവിതരണ പദ്ധതികളിലെ ഗുണനിലവാരം പരിശോധിക്കാനുമായി 3 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ മേൽനോട്ടത്തിലുള്ള മൂന്നു ഡിവിഷനുകളും 3 മേഖല റീജനൽ ലബോറട്ടറികളും ഉണ്ട്.

(സി) ലോകാരോഗ്യസംഘടന നിഷ്ക്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ മാനിച്ച് കേന്ദ്രസർക്കാരിന്റെ അധീനതയിലുള്ള കേന്ദ്ര പൊതുജനാരോഗ്യവും പരിസ്ഥിതിയുടെയും സ്ഥാപനം തയ്യാറാക്കിയ മാനുവലിൽ പ്രതിപാദിച്ചിട്ടുള്ള മാനദണ്ഡങ്ങളാണ് പാലിക്കുന്നത്. മാനദണ്ഡങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു. *

(ഡി) ഗുണനിലവാരമുള്ള നിർണ്ണയത്തിന് മാനദണ്ഡങ്ങളായി നിശ്ചയിച്ചിട്ടുള്ള എല്ലാ പരിശോധനകളും നടത്തുന്നുണ്ട്.

(ഇ) കേരള വാട്ടർ അതോറിറ്റിയെ സംബന്ധിച്ചിടത്തോളം, ഗുണനിലവാരം നിശ്ചയിച്ചിട്ടുള്ള തോതിൽ വരുത്തുവാനായി ഉത്തരം 'എ'യിൽ പ്രതിപാദിച്ചിരിക്കുന്ന ശുദ്ധീകരണ പ്രക്രിയകൾ നടത്തി ശുദ്ധീകരിച്ച്, ഗുണനിലവാരം തൃപ്തികരമായാൽ മാത്രമേ ജലം വിതരണം നടത്താറുള്ളൂ.

ചേർപ്പ് നിയോജക മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

95 (987) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർപ്പ് നിയോജകമണ്ഡലത്തിൽ പുതിയതായി ആരംഭിക്കുന്ന കുടിവെള്ള പദ്ധതികൾ ഏതൊക്കെയാണ് ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) താന്ന്യം, ചാഴൂർ എന്നീ ഗ്രാമപഞ്ചായത്തുകൾക്കായി പ്രത്യേകം പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; പ്രസ്തുത പദ്ധതിയുടെ വിശദാംശം വിശദമാക്കാമോ ;

(സി) ഊരകം പദ്ധതി ഏതൊക്കെ പ്രദേശങ്ങൾ ഉൾപ്പെട്ടതാണെന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചെവ്വൂർ-മരത്താക്കര പദ്ധതിയുടെ പ്രയോജനം ഏതൊക്കെ മേഖലകളിൽ ലഭ്യമാകും എന്ന് വിശദമാക്കാമോ ;

(ഇ) അവണിശ്ശേരി ഗ്രാമപഞ്ചായത്തിനായി പ്രത്യേകം പദ്ധതി അംഗീകരിച്ചിട്ടുണ്ടോ ; ഇതിന്റെ പ്രയോജനം ലഭിക്കുന്ന വാർഡുകൾ ഏതൊക്കെയാണ് ; ഇതിന്റെ എസ്റ്റിമേറ്റ് സംഖ്യ എത്ര ;

(എഫ്) പാറളം ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണ ജോലികൾ ഏതുവരെയായി ; ഈ പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(ജി) ചേർപ്പിലെ വിവിധ പദ്ധതികൾക്ക് നേതൃത്വം കൊടുക്കുവാനും ദൈനംദിന കാര്യങ്ങൾ നടത്തുന്നതിനും ചേർപ്പിൽ പുതിയ സബ് ഡിവിഷൻ ഓഫീസ് തുടങ്ങുന്നതിന് ആലോചനയുണ്ടോ ; ഉണ്ടെങ്കിൽ, അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ചേർപ്പ് നിയോജകമണ്ഡലത്തിൽ താഴെപറയുന്ന പുതിയ കുടിവെള്ള പദ്ധതികൾ ആരംഭിച്ചിരിക്കയാണ്.

1. ചേവൂർ, മരത്താക്കര വില്ലേജുകൾക്ക് വേണ്ടിയുള്ള ത്വരിതഗമന നഗരശുദ്ധജലവിതരണ പദ്ധതി-അടങ്കൽ തുക 510.70 ലക്ഷം രൂപ.
2. ഊരകത്തിനും സമീപവില്ലേജുകൾക്കും വേണ്ടിയുള്ള എൽ. ഐ. സി. സഹായത്തോടെയുള്ള ശുദ്ധജല വിതരണ പദ്ധതി അടങ്കൽ തുക-485 ലക്ഷം രൂപ.
3. എൻ. സി. എച്ച്/ആർ. ജി. എൻ. ഡി. ഡബ്ല്യൂ. എം പദ്ധതിയിൽ പെടുത്തി അവണിശ്ശേരി പഞ്ചായത്തിലെ 4, 5, 6, 8, 9 വാർഡുകൾക്കു വേണ്ടിയുള്ള ശുദ്ധജലവിതരണവിപുലീകരണ പദ്ധതി അടങ്കൽ തുക, 60.00 ലക്ഷം രൂപ.
4. എൻ. സി. എച്ച്/ആർ. ജി. എൻ. ഡി. ഡബ്ല്യൂ. എം. പദ്ധതിയിൽപ്പെടുത്തി അവണിശ്ശേരി പഞ്ചായത്തിലെ 4, 6, 8, 9 വാർഡുകൾക്കു വേണ്ടിയുള്ള ശുദ്ധജല വിപുലീകരണ പദ്ധതി- അടങ്കൽ തുക 76.00 ലക്ഷം രൂപ.
5. എൻ. സി. എച്ച്/ആർ. ജി. എൻ. ഡി. ഡബ്ല്യൂ. എം. പദ്ധതിയിൽപ്പെടുത്തി ചാഴൂർ പഞ്ചായത്തിലെ 1, 2, 4, 8 വാർഡുകൾക്കുവേണ്ടിയും താന്ന്യം പഞ്ചായത്തിലെ 2, 5, 6, 7 വാർഡുകൾക്കുവേണ്ടിയുമുള്ള ശുദ്ധജലവിപുലീകരണ പദ്ധതി അടങ്കൽ തുക 43 ലക്ഷം രൂപ.

(ബി) ഉണ്ട്. താന്ന്യം, ചാഴൂർ എന്നീ പഞ്ചായത്തുകൾക്ക് വേണ്ടി ആർ. ജി. എൻ. ഡി. ഡബ്ല്യൂ. എം/എൻ. സി. എച്ച് പദ്ധതിയിൽപ്പെടുത്തി നിലവിലുള്ള ശുദ്ധജലവിതരണപദ്ധതി വിപുലീകരിക്കുന്നതിന് 43.00 ലക്ഷം രൂപ അനുമതിയായി പണി ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഊരകത്തിനും സമീപവില്ലേജുകൾക്കും വേണ്ടിയുള്ള പദ്ധതി ചേർപ്പുപഞ്ചായത്തിലെ ഊരകം, ചേർപ്പ് വില്ലേജുകളും വല്ലച്ചിറ പഞ്ചായത്തിലെ ആറാട്ടുപുഴ വല്ലച്ചിറ വില്ലേജുകളും ഉൾപ്പെടുന്ന പ്രദേശത്താണ് നടപ്പിലാക്കുന്നത്.

(ഡി) ചൊവ്വൂർ-മരത്താക്കര പദ്ധതികളുടെ പ്രയോജനം ചേർപ്പ് പഞ്ചായത്തിലെ ചേവൂർ വില്ലേജിനും പുത്തൂർ പഞ്ചായത്തിലെ മരത്താക്കര വില്ലേജിനും ലഭിക്കുന്നതാണ്.

(ഇ) ഉണ്ട്. അവണിശ്ശേരി പഞ്ചായത്തിലെ നിലവിലുള്ള കുടിവെള്ള പദ്ധതി വിപുലീകരിക്കുന്നതിനായി ആർ. ജി. എൻ. ഡി. ഡബ്ല്യു. എം/ എൻ. സി. എച്ച്-ൽ ഉൾപ്പെടുത്തി 76 ലക്ഷം രൂപയുടെയും 60 ലക്ഷം രൂപയുടെയും രണ്ട് കുടിവെള്ള പദ്ധതികൾക്ക് അനുമതിയായിട്ടുണ്ട്. ഇതിന്റെ പ്രയോജനം അവണിശ്ശേരി പഞ്ചായത്തിലെ 4, 5, 6, 8, 9 എന്നീ വാർഡുകൾക്ക് ലഭ്യമാണ്. ഈ പദ്ധതികളുടെ മൊത്തം എസ്റ്റിമേറ്റ് തുക 136 ലക്ഷം രൂപയാണ്.

(എഫ്) പാറളം ശുദ്ധജലവിതരണപദ്ധതിയ്ക്ക് പമ്പിംഗ് മെയിൻ 8000 മീറ്റർ ഇടാനും വിതരണ ശൃംഖല 32 കി. മീ. പൂർത്തിയാക്കാനുമുണ്ട്. ബാക്കി പണികൾ എല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. വിതരണശൃംഖല ടെൻഡർ വിളിച്ച് അവാർഡ് ചെയ്തു പമ്പിംഗ് മെയിൻ ടെൻഡർ വിളിച്ച് ടെൻഡർ പ്രോസസ് ചെയ്തുകൊണ്ടിരിക്കുന്നു. പദ്ധതി 2004 മാർച്ചിൽ കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ജി) ചേർപ്പ് നിയോജകമണ്ഡലത്തിലെ പദ്ധതി പ്രവർത്തനങ്ങളുടെ ദൈനംദിന കാര്യങ്ങളും നടപ്പിലാക്കുന്നതിന് ചേർപ്പ് ആസ്ഥാനമാക്കി കേരള വാട്ടർ അതോറിറ്റിയുടെ ഒരു ഓഫീസ് തുടങ്ങുന്നതിന്റെ ആവശ്യകതയെപ്പറ്റി വിശദമായ പഠനം നടത്തിവരുന്നു.

കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ അയിലംകടവ് ശുദ്ധജലവിതരണ പദ്ധതി

96 (988) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ ജലവിഭവവകുപ്പ് ഇപ്പോൾ എത്ര കുടിവെള്ള പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് ; ഇതിൽ ഏതൊക്കെ പദ്ധതികൾ എന്നൊക്കെ പൂർത്തീകരിക്കാനാവുമെന്ന് വെളിപ്പെടുത്താമോ ;

(ബി) കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ പണി ആരംഭിച്ച അയിലംകടവ് ശുദ്ധജലവിതരണ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദീകരിക്കുമോ ;

(സി) പ്രസ്തുത പദ്ധതിപ്രകാരം എത്ര പേർക്ക് കുടിവെള്ളം ലഭ്യമാക്കാനാവുമെന്നും ആയത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാവുമെന്നും വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly